(എ) അദ്ധ്യയനവർഷം ആരംഭിച്ചുകഴിഞ്ഞിട്ടും സംസ്ഥാനത്തെ സ്കൂളുകൾക്ക് ആവശ്യമായ പാഠപുസ്തകങ്ങൾ എല്ലാം ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഏതെല്ലാം ക്ലാസ്സുകളിലേക്കുള്ള പുസ്തകങ്ങൾ ആണ് വിതരണം ചെയ്യാനുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) എത്രയുംപെട്ടെന്ന് ഈ പ്രശ്നം പരിഹരിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വിതരണം പൂർത്തിയായിവരുന്നു.

(ബി) ഒന്ന്, രണ്ട്, അഞ്ച്, ആറ് എന്നീ ക്ലാസ്സുകളിലെ ചില പാഠപുസ്തകങ്ങളുടെ വിതരണം ഇനി പൂർത്തിയാകാനുണ്ട്.

(സി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

22 (166) **എൻട്രൻസ് പരീക്ഷ**

ശ്രീ. സി.കെ നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കൊല്ലത്തെ എൻട്രൻസ് പരീക്ഷാ സംമ്പ്രദായത്തിൽ പുതുതായി എന്തെങ്കിലും പരിഷ്കാരങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ)&(ബി) ഉണ്ട്. ഓരോ പേപ്പറിനും 90 മിനിട്സ് ആയിരുന്നത് 120 മിനിട്ടായി ഉയർത്തിയിട്ടുണ്ട്. ഓരോ ചോദ്യത്തിന് അഞ്ച് ചോയ്സ് എന്നത് നാല് ചോയ്സ് എന്നാക്കി മാറ്റിയിട്ടുണ്ട്.

23 (167) **എസ്.എസ്.എൽ.സി. പരീക്ഷയിൽ വിജയിച്ചവർ**

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കഴിഞ്ഞ എസ്.എസ്.എൽ.സി. പരീക്ഷയിൽ ആകെ എത്രപേർ ഹാജരായി എന്നും എത്രപേർ വിജയിച്ചുഎന്നും എത്രപേർക്ക് ഡിസ്റ്റിംഗ്ഷനും ഫസ്റ്റ് ക്ലാസ്സുകളുമുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) പട്ടികജാതി-പട്ടികവർഗ്ഗങ്ങൾ, മുസ്ലിം, മറ്റ് പിന്നോക്ക വിഭാഗങ്ങളിലെ ഓരോന്നിലുംപെട്ട എത്ര വിദ്യാർത്ഥികൾ വിജയിച്ചു എന്നും എത്ര പേർക്ക് ഡിസ്റ്റിംഗ്ഷനും ഫസ്റ്റ് ക്ലാസ്സുമുണ്ടെന്നും ഇത് ഈ വിഭാഗത്തിലോരോന്നിലും പരീക്ഷ എഴുതിയതിന്റെ എത്ര ശതമാനമാണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇക്കഴിഞ്ഞ എസ്.എസ്.എൽ.സി. പരീക്ഷയിൽ

ഹാജരായവർ : 5,43,478

LIBRARY ARCHIVES Kerala Legislative Assembly

വിജയിച്ചവർ	:	2,88,588
ഡിസ്റ്റിംഗ്ഷൻ	:	18,848
ഫസ്റ്റ് ക്ലാസ്	:	54,132
(ബി)പട്ടികജാതി	:	
ഹാജരായവർ	:	42,112
പാസ്സായവർ	:	14,018
ഡിസ്റ്റിംഗ്ഷൻ	:	132
ഫസ്റ്റ്ക്ലാസ്	:	572
പട്ടികവർഗ്ഗം	:	
ഹാജരായവർ	:	6,218
പാസ്സായവർ	:	727
ഡിസ്റ്റിംഗ്ഷൻ	:	14
ഫസ്റ്റ്ക്ലാസ്	:	63

പട്ടികജാതിയിൽ ഹാജരായവരുടെ 33.8% ഉം പട്ടികവർഗ്ഗ വിഭാഗത്തിൽ ഹാജരായവരുടെ 11.69% വിജയിച്ചു.

മുസ്ലിം, മറ്റ് പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ടവരുടെ വിവരങ്ങൾ ശേഖരിച്ചുനൽകുന്നതാണ്.

24 (168) എസ്.എസ്.എൽ.സി. സെപ്റ്റംബർ പരീക്ഷ

ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. പി.കെ.കെ. ബാവ :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്.എസ്.എൽ.സി. സെപ്റ്റംബർ പരീക്ഷ നിർത്തുവാൻ തീരുമാനമായോ;

(ബി) സെപ്റ്റംബർ പരീക്ഷ നിർത്തലാക്കിയാൽ തോറ്റ വിദ്യാർത്ഥികളിൽ ഭൂരിഭാഗത്തിന്റെയും വിദ്യാഭ്യാസം മുടങ്ങും എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സെപ്റ്റംബർ പരീക്ഷ സംബന്ധിച്ച തീരുമാനം പുനഃപരിശോധിക്കുമോ?

ഉത്തരം

(എ) നയപരമായ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

(ബി) ഓരോ വർഷവും മാർച്ചിലെ പരീക്ഷയിൽ 2,70,000 ഓളം കുട്ടികൾ തോൽക്കുന്നുണ്ട്. എന്നാൽ 2000 ത്തിൽ താഴെ കുട്ടികൾ മാത്രമേ സെപ്റ്റംബർ പരീക്ഷക്കിരിക്കാൻ തയ്യാറാകുന്നുള്ളൂ. കഴിഞ്ഞവർഷം 1875 പേരാണ് സെപ്റ്റംബർ പരീക്ഷക്കിരിക്കുന്നത്. പരീക്ഷക്കിരിക്കാൻ കുട്ടികളുടെ എണ്ണം കുറഞ്ഞതുകൊണ്ടാണ് സെപ്റ്റംബർ പരീക്ഷ നിർത്തലാക്കുവാൻ ബോർഡ് ഓഫ് പബ്ലിക് എക്സാമിനേഷൻ തീരുമാനിച്ചത്.

(സി) പുനഃപരിശോധിക്കാൻ ഉദ്ദേശമില്ല.

LIBRARY ARCHIVES Kerala Legislative Assembly